16937/2018/FBD 04/04/18 16402/2018/fm

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് – സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷം - പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുമതി നല്കി കൊണ്ടും സംഘാടനത്തിനാവശ്യമായ 16.01 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

**സ.ഉ.(സാധാ) നം. 55/2018/ഐ & പി ആർ തീയതി തിരുവനന്തപുരം 17/03/2018**

================================================================

<u>ഉത്തരവ്</u>

സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷം 2018 മെയ് 1 മുതൽ 31 വരെ വിപുലമായ പരിപാടികളോടു കൂടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ **താഴെ പറയുന്ന വിവിധ പരിപാടികൾ** സംഘടിപ്പിക്കുന്നതിന് അനുമതി നല്കി കൊണ്ടും, അനുബന്ധ പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആകെ **16.01 കോടി രൂപ** ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. നിജപ്പെടുത്തിയ തുകയിൽ ചെലവുകൾ നിയന്ത്രിച്ച് നിർത്തുവാനും സാധ്യമായ എല്ലാ ഇനത്തിലും ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും നെഗോഷ്യേറ്റ് ചെയ്ത് ചെലവ് പരിമിതപ്പെടുത്തുവാനും ഉദ്യോഗസ്ഥതലത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1. 2018 മെയ് 1 മുതൽ 31 വരെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിലും വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനവും നിർവ്വഹിക്കേണ്ടതാണ്.
2. മെയ് രണ്ടാം തീയതി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുട്ടികൾക്കുള്ള പാഠപുസ്തക വിതരണവും എൽ പി, യു പി വിഭാഗം ക്ലാസുകളിലെ കുട്ടികൾക്കുള്ള യൂണിഫോം വിതരണവും നിർവ്വഹിക്കേണ്ടതാണ്.
3. മെയ് രണ്ടാം തീയതി 40 ലക്ഷം കുട്ടികൾക്കുള്ള മുഖ്യമന്ത്രിയുടെ കത്തും വൃക്ഷത്തൈയും, വിത്തും വിതരണം ചെയ്യേണ്ടതാണ്.

Addl. PCCF (FM)
PCCF (SF)
FIB
HoFF
28/03/18
B1
3/4
4/4/18

4. മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന്റെ ഔപചാരികമായ ആഘോഷപരിപാടികൾ മെയ് 18 മുതൽ 31 വരെ നടത്തേണ്ടതാണ്. സംസ്ഥാനതല ഉദ്ഘാടനം മെയ് 18 ന് സംഘടിപ്പിക്കേണ്ടതാണ്.

5. വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കണ്ണൂരിലും, സമാപനം തിരുവനന്തപുരത്തും നടത്തേണ്ടതാണ്.

6. ജില്ലാതലങ്ങളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

7. ജില്ലാതലങ്ങളിലെ പരിപാടികൾ ചുമതലപ്പെടുത്തിയിട്ടുള്ള ബഹു. മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

8. കൊച്ചിയിൽ ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. വിഷയം പിന്നീട് തീരുമാനിക്കുന്നതാണ്.

9. ജില്ലാതല ഉദ്ഘാടനങ്ങളോടനുബന്ധിച്ച് മെയ് 7 മുതൽ 25 വരെ നീണ്ടു നിൽക്കുന്ന പ്രദർശന വിൽപ്പനയും സെമിനാറും സാംസ്കാരിക പരിപാടികളും ജില്ലകളിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ കുടുംബശ്രീ പ്രധാനപങ്ക് വഹിക്കേണ്ടതും മറ്റ് സാധ്യമായ എല്ലാ വകുപ്പുകളും സ്റ്റാളുകൾ ഏർപ്പെടുത്തേണ്ടതുമാണ്.

10. പരിപാടികളുടെ മൊത്തത്തിലുള്ള ചുമതലയും നിർവ്വഹണവും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനായിരിക്കും.

11. ഉദ്ഘാടന-സമാപന പരിപാടികളിൽ പങ്കെടുക്കുന്ന മന്ത്രിമാരുടെയും വിശിഷ്ട വ്യക്തികളുടെയും ഹോസ്പിറ്റാലിറ്റി കാര്യങ്ങളുടെ ചുമതല ടൂറിസം വകുപ്പിനായിരിക്കും

12. ആകെ ചെലവ് 16.01 കോടി രൂപയായിരിക്കും. ഇതിൽ 8.49 കോടി രൂപ വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. അധികമായി വേണ്ട 7.52 കോടി രൂപ സ്പെഷ്യൽ പബ്ലിക് റിലേഷൻസ് ശീർഷകത്തിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മന്ത്രിസഭയുടെ വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം സംഘടിപ്പിക്കുന്നതിനുള്ള നടപടി ക്രമീകരണങ്ങൾ ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി) നടത്തേണ്ടതാണ്. ജില്ലാതല ആഘോഷങ്ങളുടെ ഉദ്ഘാടനം തുടർന്നുള്ള സൌകര്യപ്രദമായ ദിവസം നടത്തുന്നതിന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും / ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ഇൻഫർമേഷൻ ഓഫീസർ കൺവീനറായും ഒരു സമിതി പ്രവർത്തിക്കുന്നതാണ്. ബന്ധപ്പെട്ട മന്ത്രി, ജില്ലാ കളക്ടർ തുടങ്ങിയവരുടെ സൌകര്യാർത്ഥം സമിതി വിളിച്ചു ചേർത്ത് ജില്ലയിലെ പ്രവർത്തനങ്ങൾക്ക്

രൂപം നല്‍കേണ്ട ചുമതല ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് ആയിരിക്കും. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങൾക്ക് ചുമതലയുള്ള ജില്ലകളിലെ പ്രചാരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഡയറക്ടറേറ്റിലെ പ്രവർത്തനങ്ങൾ പ്രത്യേകമായി ചുമതല നിശ്ചയിച്ച് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി. വേണുഗോപാൽ ഐ.എ.എസ്**

**സെക്രട്ടറി**

1. ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ ഇൻഫർമേഷൻ ഓഫീസർമാർക്കും
2. എല്ലാ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്കും /എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
3. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
4. ഡയറക്ടർ, ടൂറിസം വകുപ്പ്
5. ധനകാര്യ വകുപ്പ്
6. അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം
7. പൊതുഭരണ (എസ് സി) വകുപ്പ്
8. സബ് ട്രഷറി ഓഫീസർ തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസിന്
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി/വ്യവസായ വകുപ്പ് മന്ത്രി/വനം വകുപ്പ് മന്ത്രി/
കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ പി എസിന്
ഡയറക്ടർ, ഡി പി ഐ
ഡയറക്ടർ, കൈത്തറി വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ഡയറക്ടർ, കൃഷി വകുപ്പ്
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
ഐ & പി ആർ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
ഐ & പി ആർ വകുപ്പ് ഡയറക്ടറുടെ സി എ യ്ക്ക്
ഐ & പി ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി എ യ്ക്ക്

മേലെഴുത്ത് നമ്പർ പി6-8344/17 തീയതി: 13-04-2018

പകർപ്പ് ഉള്ളടക്കത്തിന്റെ പകർപ്പ് സഹിതം എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിനും അനന്തരനടപടിക്കുമായി അയയ്ക്കുന്നു

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) ക്ക് വേണ്ടി

## അനുബന്ധം

### (സ.ഉ.(സാധാ) നം.55/2018/ഐ & പി ആർ തീയതി 17.03.2018)

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| പരസ്യം വിഭാഗം | | | |
| 1 | **ഫുൾ പേജ് കളർ പരസ്യം.** കേരള എഡിഷൻ. എല്ലാ മലയാള ഇംഗ്ലീഷ്, ദിനകരൻ, തീക്കതിർ, വിജയകന്നട.പത്രങ്ങളിലും. | 150 ലക്ഷം | 2220-01-001- 96 Spl PR |
| 2 | **ഫുൾ പേജ് കളർ പരസ്യം.**,മലയാള മനോരമ, മാതൃഭൂമി, ഹിന്ദു, ഹിന്ദുസ്ഥാൻ ടൈംസ്, ടൈംസ് ഓഫ് ഇന്ത്യാ, ഇന്ത്യൻ എക്സ്പ്രസ് എന്നിവയുടെ ഡൽഹി എഡിഷൻ. | 125 ലക്ഷം | |
| 3 | ഗൾഫ് എഡിഷൻ - മലയാളം പത്രങ്ങൾ. ചന്ദ്രിക, മാധ്യമം, മലയാളം ന്യൂസ്. | 25 ലക്ഷം | |
| 4 | **മാർക്കറ്റിംഗ് ഫീച്ചർ**<br>മലയാളം പീരിയോഡിക്കൾസ്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഗൃഹലക്ഷ്മി, വനിത.സമകാലിക മലയാളം, കലാകൗമുദി, ദേശാഭിമാനി, മാധ്യമം,ഇന്ത്യാ ടുഡേ (ഇംഗ്ലീഷ്) | 85 ലക്ഷം | |
| 5 | **റേഡിയോ.(കമ്മ്യൂണിറ്റി റേഡിയോ ഒഴിച്ച്)**<br>**10 ദിവസം 10 ഇൻസേർഷൻ.** | 20 ലക്ഷം | |
| 6 | **ഗൾഫ് റേഡിയോ** | 20 ലക്ഷം | |
| 7 | **റ്റി വി പരസ്യം ന്യൂസ് ചാനൽ**<br>10 ദിവസം 20 സെക്കന്റ് 20 ഇൻസേർഷൻസ്/ദിവസം. | 300 ലക്ഷം | |
| 8 | **ഓൺലൈൻ പരസ്യം**<br>**40 വെബ്സൈറ്റുകൾ** | 10 ലക്ഷം | |
| 9 | **തിയറ്റർ പരസ്യം**<br>500 തിയറ്ററുകളിൽ. 2 ആഴ്ച | 5 ലക്ഷം | |
| | **ആകെ** | **740 ലക്ഷം** | |

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| പ്രസിദ്ധീകരണ വിഭാഗം | | | |
| 1 | **സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള പുസ്തകം - മലയാളം.** 1000 കോപ്പി. | 1.00 ലക്ഷം | 2220-60-110-99<br>Publication of Books |
| 2 | **സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള പുസ്തകം - ഇംഗ്ലീഷ്.**<br>**1000 കോപ്പി. ന്യൂഡൽഹിലും പുറത്തു നിന്നും വരുന്ന അതിഥികൾക്കും നൽകുന്നതിന്.** | **1.00 ലക്ഷം** | |
| 3 | **മുഖ്യമന്ത്രിയുടെ കത്തും വിത്തും**<br>40 ലക്ഷം കോപ്പി. കുട്ടികൾക്കിടയിൽ വിതരണം ചെയ്യുന്നതിന് | 5.00 ലക്ഷം | 2220-01-001- 96 Spl PR |
| 4 | **പ്രൊഗ്രസ് കാർഡ്**<br>5000 കോപ്പി. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നിറവേറ്റുന്നത് സംബന്ധിച്ച് | 1.00 ലക്ഷം | |
| 5 | **ഫോൾഡർ** 1.50 ലക്ഷം കോപ്പി | 5.00 ലക്ഷം | |
| 6 | പോസ്റ്റർ 15000 കോപ്പി | 1.00 ലക്ഷം | |
| | **ആകെ** | **14.00 ലക്ഷം** | |

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതിക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| ഇലക്ട്രോണിക് മീഡിയാ വിഭാഗം | | 15.00 ലക്ഷം | 2220-01-001- 98 Production of video documentary. |
| 1 | ഗാന ചിത്രീകരണം | | |
| 2 | 5 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി തിയറ്ററുകളിലെ പ്രദർശനത്തിനും സോഷ്യൽ മീഡിയ്ക്കും. പ്രശസ്തനായ സംവിധായക നെക്കൊണ്ട് കോർപ്പറേറ്റ് വീഡിയോ പോലെ തയ്യാറാക്കുന്നതിനും തിയറ്ററുകൾ വഴി പ്രദർശിപ്പിക്കുന്നതിനും. | 15.00 ലക്ഷം<br>2.00 ലക്ഷം | |
| 3 | നവകേരളം പ്രത്യേക എപ്പിസോഡ് | 20.00 ലക്ഷം | 2220-60-800-77 Naam Munnottu |
| 4 | നാം മുന്നോട്ട് പ്രത്യേക എപ്പിസോഡ് | 52.00ലക്ഷം | |
| | ആകെ | | |

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതിക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| സോഷ്യൽ മീഡിയ | | | 2220-60-800-78 Maintenance of Govt. Websites |
| 1 | ഫെസ്ബുക്ക് ക്യാമ്പെൻ പോസ്റ്റർ,സെലിബ്രിറ്റി ടെസ്റ്റിമോണിയൽ വീഡിയോസ് അനിമേഷൻ വീഡിയോസ് ,ഇ പോസ്റ്റർ ജനറേറ്റർ,ഇൻഹൗസ് പ്രൊഡക്ഷൻ വാട്സാപ്പ് ക്യാമ്പെൻ വീഡിയോ പോസ്റ്റർ | 10.00 ലക്ഷം<br>10.00 ലക്ഷം | |
| | ആകെ | | |

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതിക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| മീഡിയ റിലേഷൻസ് | | 25.00 ലക്ഷം | 2220-60-103-99 Press Facilities |
| 1 | പത്രസമ്മേളനം മുഖ്യമന്ത്രിയുടേതും മന്ത്രിമാരുടേതും, ന്യൂഡൽഹിയിൽ മുഖ്യമന്ത്രിയുടെ പത്രസമ്മേളനം, മന്ത്രിയോടൊപ്പം | 10.00 ലക്ഷം | |
| 2 | മാധ്യമ സെമിനാർ തിരുവന്തപുരം/കൊച്ചി/കോഴിക്കോട്/കണ്ണൂർ | 35.00 ലക്ഷം | |
| | ആകെ | | |

| | നടത്തേണ്ട പ്രവർത്തനങ്ങൾ | പ്രതിക്ഷിക്കുന്ന ചെലവ് | തുക കണ്ടെത്താവുന്ന ശീർഷകം |
|---|---|---|---|
| ഫീൽഡ് പബ്ളിസിറ്റി | | | |
| 1 | കെ എസ് ആർ റ്റി സി ബസ്സ് പരസ്യം 500 | 60.00 ലക്ഷം | 2220-01-001- 96 Spl PR |
| 2 | കെ യു ആർ റ്റി സി ബസ്സ് പരസ്യം 100 | 15.00 ലക്ഷം | |
| 3 | ബോട്ട് 50 | 10.00 ലക്ഷം | |
| 4 | ട്രെയിൻ റാപ്പിംഗ് 2 | 25.00 ലക്ഷം | |
| 5 | റെയിൽവേ ജിംഗിൾസ് 24 സ്റ്റേഷൻ | 40.00 ലക്ഷം | |
| 6 | റെയിൽവേ റ്റി വി പരസ്യം 13 സ്റ്റേഷൻ | 5.00 ലക്ഷം | |
| 7 | എയർപോർട്ട് ട്രോളി പരസ്യം 3 | 10.00 ലക്ഷം | |
| 8 | ഹോർഡിംഗ് 250 എണ്ണം,50000 രൂപ / ബോർഡ് | 125.00 ലക്ഷം | |
| | മൊബൈൽ എൽ ഇ ഡി വാൻ/വാൾ | 20.00 ലക്ഷം | 2220-60-106-95 Video wall Network |
| 9 | മാബൈയിൽ എക്സിബിഷൻ, കലാജാഥ ഫ്ളാഷ് മോബ് എല്ലാ ജില്ലായിലും | 30.00 ലക്ഷം | 2220-60-106-96 Mobile Exhibition |
| 10 | ബിസിനസ്സ് കമ്മ്യൂണിറ്റി, പ്രൊഫഷണൽസ്, പ്രൊഫഷണൽ വിദ്യാർത്ഥികൾ എന്നിവരുമായുള്ള മുഖ്യമന്ത്രിയുടെ കുടിക്കാഴ്ച , ദേശീയ സെമിനാർ | 30.00 ലക്ഷം | 2220-01-001- 96 Spl PR |
| 11 | ഉദ്ഘാടന സമാപന രിപാടി | 25.00 ലക്ഷം | |
| 12 | ജില്ലാതല പരിപാടികൾ | 30.00 ലക്ഷം | |
| 13 | സാംസ്കാരിക പരിപാടി,, പ്രദർശ - വിൽപന, സെമിനാർ, സ്റ്റേജ് തുടങ്ങിയവ | 325.00 ലക്ഷം | |
| | ആകെ | 750.00 ലക്ഷം | |

ചെലവ് ചുരുക്കത്തിൽ

| | ഇനം | പ്രതിക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | പരസ്യം വിഭാഗം | 740.00 ലക്ഷം |
| 2 | പ്രസിദ്ധീകരണ വിഭാഗം | 14.00 ലക്ഷം |
| 3 | സോഷ്യൽ മീഡിയ | 10.00 ലക്ഷം |
| 4 | ഇലക്ട്രോണിക് മീഡിയാ വിഭാഗം | 52.00 ലക്ഷം |
| 5 | മീഡിയ റിലേഷൻസ് | 35.00 ലക്ഷം |
| 6 | ഫീൽഡ് പബ്ളിസിറ്റി | 750.00 ലക്ഷം |
| | ആകെ | 1601.00 ലക്ഷം |